**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1583** **11-09-2023 - ൽ മറുപടിയ്ക്ക്**

**വില്ലേജ് ഓഫീസുകൾ ജനസൗഹൃദമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം. എം. മണി,<br>ശ്രീ. എ. സി. മൊയ്തീൻ ,<br>ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീ സി കെ ഹരീന്ദ്രൻ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | വില്ലേജ് ഓഫീസുകൾ കൂടുതൽ ജനസൗഹൃദമാക്കുന്നതിനും കാലതാമസമില്ലാതെ സേവനങ്ങൾ പ്രദാനം ചെയ്യുന്നതിനും ആവിഷ്കരിച്ച നടപ്പാക്കുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | വിലയിരുത്തിയിട്ടുണ്ട്. എല്ലാ വില്ലേജ് ഓഫീസുകളും ജനസൗഹൃദമാക്കുന്നതിന്റെ ഭാഗമായി സ്മാർട്ട് വില്ലേജുകളാക്കി മാറ്റുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണത്തിനായി 657 വില്ലേജ് ഓഫീസുകൾക്ക് ഭരണാനുമതി നൽകിയിട്ടുള്ളതിൽ 397 വില്ലേജ് ഓഫീസ് കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതും അവശേഷിച്ച 260 വില്ലേജ് ഓഫീസ് കെട്ടിടങ്ങളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലുമാണ്. റവന്യൂ വകുപ്പിന് കീഴിൽ വരുന്ന മുഴുവൻ ഓഫീസ് സംവിധാനങ്ങളുടെയും ആധുനികീകവൽകരണത്തിനും വിവിധ ഓഫീസ് സേവനങ്ങൾ ആവശ്യമുള്ളവർക്ക് വേഗത്തിൽ സുതാര്യമായി സേവനങ്ങൾ ലഭ്യമാക്കുന്നതിനും പരമാവധി സേവനങ്ങൾ ഓൺലൈൻ പ്ലാറ്റ്ഫോമിലാക്കി ഇ - ഗവർണൻസ് സംവിധാനത്തിലൂടെ നൽകുന്നതിന് ആവശ്യമുള്ള സത്വര നടപടികൾ സ്വീകരിച്ച് വരുന്നു. സുതാര്യത ഉറപ്പാക്കിക്കൊണ്ട് റവന്യൂ ഓഫീസുകളിൽ നിന്നും ജനങ്ങൾക്ക് നൽകുന്ന സേവനങ്ങളുടെ ഗുണനിലവാരം ഉയർത്തുകയെന്ന ലക്ഷ്യത്തോടെ നിലവിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | വില്ലേജ് ഓഫീസുകളിലെ അഴിമതി തടയുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ; | (ബി) | വില്ലേജ് ഓഫീസുകളിൽ അഴിമതി ഇല്ലാതാക്കാൻ ലാൻഡ് റവന്യൂ വകുപ്പിൽ സുശക്തമായ ആഭ്യന്തര വിജിലൻസ് സംവിധാനം നിലവിലുണ്ട്. ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയത്തിൽ തന്നെ ഒരു അസിസ്റ്റന്റ് കമ്മീഷണറുടെ നേതൃത്വത്തിൽ മൂന്ന് സെക്ഷനുകളിലായി പരിശോധനാ വിഭാഗം പ്രവർത്തിച്ചു വരുന്നു. ഓരോ സെക്ഷനിലും ഒരു സീനിയർ സൂപ്രണ്ടിന്റെ നേതൃത്വത്തിൽ ജൂനിയർ |

സൂപ്രണ്ടുമാർ, ക്ലാർക്കുമാർ എന്നിവരടങ്ങുന്ന ഒരു സംഘം നിലവിലുള്ളതും ഈ ടീം കളക്ടറേറ്റുകൾ, റവന്യൂ ഡിവിഷണൽ ഓഫീസുകൾ, താലൂക്ക് ഓഫീസുകൾ, സ്പെഷ്യൽ ഓഫീസുകൾ, വില്ലേജ് ഓഫീസുകൾ എന്നിവ യഥാസമയം പരിശോധിച്ചു വരുന്നതുമാണ്. പതിവ് പരിശോധനകൾക്ക് പുറമെ സർക്കാർ, ലാൻഡ് റവന്യൂ കമ്മീഷണർ എന്നിവർ ഏൽപ്പിക്കുന്ന പരാതികളിന്മേൽ അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുന്നതിനും ആകസ്മിക ത്വരിത പരിശോധനകൾ ഉൾപ്പടെ നടത്തുന്നതിനും ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ പരിശോധനാ വിഭാഗങ്ങൾക്ക് അധികാരമുണ്ട്. മാത്രവുമല്ല സാമ്പത്തിക ക്രമക്കേടുകളുമായി ബന്ധപ്പെട്ട പരിശോധനകൾ നടത്തുന്നതിനായി സീനിയർ ഫിനാൻസ് ഓഫീസറുടെ നേതൃത്വത്തിൽ സീനിയർ സൂപ്രണ്ട് സെക്ഷൻ ഹെഡ് ആയി ഒരു ആഭ്യന്തര ഓഡിറ്റ് വിംഗും പ്രവർത്തിച്ചു വരുന്നു. ഇപ്രകാരം ലാൻഡ് റവന്യൂ വകുപ്പിന്റെ കീഴിൽ വരുന്ന വില്ലേജ് ഓഫീസുകൾ ഉൾപ്പടെയുള്ള എല്ലാ റവന്യൂ ഓഫീസുകളിലും സമഗ്ര പരിശോധന നടത്തുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ പരിശോധനാ വിഭാഗവും ഓഡിറ്റ് വിഭാഗവും പ്രവർത്തിച്ചു വരുന്നുണ്ട്.

ജില്ലകളിൽ ഒരു സീനിയർ സൂപ്രണ്ടിന്റെ നേതൃത്വത്തിൽ ഇൻസ്പെക്ഷൻ ആന്റ് വിജിലൻസ് എന്നപേരിൽ ഒരു സെക്ഷൻ പ്രവർത്തിച്ചു വരുന്നു. ജില്ലയ്ക്കകത്തു വരുന്ന മുഴുവൻ റവന്യൂ ഓഫീസുകളിലും പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ടി ടീമിന് അധികാരമുണ്ട്. ഇപ്രകാരം നടത്തുന്ന പരിശോധനയിൽ കണ്ടെത്തുന്ന ക്രമക്കേടുകൾക്ക് ജില്ലാ കളക്ടർ തലത്തിൽ നടപടി സ്വീകരിച്ചു വരുന്നതും ഗൗരവകരമായ ക്രമക്കേടുകൾ ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ അറിയിക്കാറുള്ളതും, ഇത്തരം കേസുകളിന്മേൽ ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ നിന്നും നടപടി സ്വീകരിച്ചു വരുന്നതുമാണ്.

ഇതിനു പുറമെ സംസ്ഥാനത്തെ വിവിധ ജില്ലകളെ ഉൾപ്പെടുത്തി 3 മേഖലകളായി തിരിച്ച് ഓരോ മേഖലയും ഒരു വിജിലൻസ് ഡെപ്യൂട്ടി കളക്ടറുടെ നേതൃത്വത്തിൽ പ്രവർത്തിച്ച് വരുന്നതുമാണ്. സർക്കാർ, ലാൻഡ് റവന്യൂ കമ്മീഷണർ എന്നിവർ ഏൽപ്പിക്കുന്ന പരാതികളിലും പൊതുജനങ്ങളിൽ നിന്ന് നേരിട്ട് ലഭിക്കുന്ന പരാതികളിലും അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് വിജിലൻസ് ഡെപ്യൂട്ടി കളക്ടർമാർക്ക് അധികാരം നൽകിയിട്ടുണ്ട്. കൂടാതെ താലൂക്ക് തലത്തിൽ ഡെപ്യൂട്ടി

തഹസിൽദാരുടെ നേതൃത്വത്തിൽ ഒരു പരിശോധന വിഭാഗവും സജീവമായി പ്രവർത്തിക്കുന്നതും വില്ലേജ് ഓഫീസ് ജീവനക്കാർക്കെതിരെ ലഭിക്കുന്ന പരാതികളിന്മേൽ സത്വര നടപടികൾ സ്വീകരിച്ചു വരുന്നതും ഗൗരവകരമായ സംഗതികളിന്മേൽ അച്ചടക്കനടപടി ഉൾപ്പടെയുള്ള നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. താലൂക്ക് ഓഫീസിൽ ഓരോ ഡെപ്യൂട്ടി തഹസിൽദാർമാർക്കും ചാർജ്ജ് ഓഫീസർ എന്ന നിലയിൽ നിശ്ചിത വില്ലേജുകളുടെ ചാർജ്ജ് നൽകി വരുന്നു. ടി ചാർജ്ജ് ഓഫീസർമാർ പ്രസ്തുത വില്ലേജുകളുടെ പ്രവർത്തനങ്ങൾ നേരിട്ട് വിലയിരുത്തി പോരായ്മകൾ പരിഹരിച്ചു വരുന്നതുമാണ്. അഴിമതി വിവരം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ അറിയിക്കുന്നതിന് വിജിലൻസ് അധികാരിയുടെ ഫോൺ നമ്പർ ഉൾപ്പടെ മേൽവിലാസം കാണിക്കുന്ന ബോർഡുകൾ വില്ലേജ് ഓഫീസുകൾ ഉൾപ്പടെ എല്ലാ റവന്യ ഓഫീസുകളിലും സ്ഥാപിച്ചിട്ടുണ്ട്.

പാലക്കയം വില്ലേജ് ഓഫീസിലെ കൈക്കൂലി കേസിന്റെ പശ്ചാത്തലത്തിൽ വിവിധ ജില്ലകളിലെ ഡെപ്യൂട്ടി കളക്ടർമാർ, കളക്ടറേറ്റ് പരിശോധന വിഭാഗത്തിലെയും, കമ്മീഷണറേറ്റ് പരിശോധന വിഭാഗത്തിലെയും സീനിയർ ഓഫീസർമാരെ ഉൾപ്പെടുത്തി വിവിധ തലത്തിൽ പരിശോധനകൾ നടത്തിയിട്ടുള്ളതും, പ്രസ്തുത പരിശോധനാ റിപ്പോർട്ട് വിലയിരുത്തുകയും ചെയ്തിട്ടുള്ളതാണ്. ILDM ആസ്ഥാനമായി പൊതുജനങ്ങളുടെ പരാതി പരിഹാരം/ സംശയ നിവാരണം എന്നിവയ്ക്കായി പ്രവർത്തിക്കുന്ന ടോൾഫ്രീ നമ്പറിൽ അഴിമതി സംബന്ധിച്ച പരാതികൾ കൂടി ഉൾപ്പെടുത്തിയിട്ടുള്ളതും, ആയതിലേയ്ക്കായി അധിക ജീവനക്കാരെ നിയോഗിച്ചിട്ടുള്ളതുമാണ്. അഴിമതി സംബന്ധിച്ച പരാതികൾ ഓൺലൈൻ ആയി സ്വീകരിക്കുന്നതിലേയ്ക്കായി LRD പോർട്ടലിൽ ഒരു മൊഡ്യൂൾ തയ്യാറാക്കിയിട്ടുള്ളതും പ്രസ്തുത പോർട്ടലിൽ ലഭിക്കുന്ന പരാതികൾ പരിശോധിച്ച് നടപടി സ്വീകരിച്ചു വരുന്നതുമാണ്. താലൂക്ക് തലത്തിൽ ചാർജ്ജ് ഓഫീസർമാർ ഒരു മാസത്തിൽ 5 മുതൽ 10 വരെ വില്ലേജ് ഓഫീസുകൾ സന്ദർശിച്ച് പരിശോധന നടത്തുമെന്നും റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ലാൻഡ് റവന്യൂ കമ്മീഷണർ, ജോയിന്റ് കമ്മീഷണർ, ജില്ലാ കളക്ടർമാർ, ഡെപ്യൂട്ടി കളക്ടർമാർ, എന്നിവർ മാസത്തിൽ കുറഞ്ഞത് 2 വില്ലേജ് ഓഫീസുകൾ സന്ദർശിച്ച് പരിശോധന നടത്തുന്നതിനും റവന്യ വിജിലൻസ്, കമ്മീഷണറേറ്റ് പരിശോധന വിഭാഗം,

| | | | |
|---|---|---|---|
| | | | കളക്ടറേറ്റ് പരിശോധന വിഭാഗം എന്നീ ടീമുകൾ മാസത്തിൽ 500 വില്ലേജ് ഓഫീസുകൾ സന്ദർശിക്കണമെന്നും, റവന്യൂ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ആഴ്ച തോറും ചേരുന്ന റവന്യൂ സെക്രട്ടറിയേറ്റ് യോഗത്തിൽ തീരുമാനിച്ചിട്ടുള്ളതാണ്.<br><br>പരിശോധനാ വിഭാഗങ്ങളിൽ ജോലി ചെയതു വരുന്ന ജീവനക്കാർ ലാൻഡ് റവന്യൂ വകുപ്പിൽ കൈകാര്യം ചെയ്തു വരുന്ന നിയമങ്ങളിലും ചട്ടങ്ങളിലും അവഗാഹം ഉള്ളവരും ഇവയിൽ കാലാകാലങ്ങളിൽ ഉണ്ടാകുന്ന ഭേദഗതികൾക്ക് അനുസൃതമായി പ്രവർത്തിക്കുന്നതിന് ടി ജീവനക്കാർക്ക് റവന്യൂ വകുപ്പിലെ പരിശീലന കേന്ദ്രമായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റ് വഴി പരിശീലനം നൽകി വരുന്നുമുണ്ട്.<br><br>ഇത്തരത്തിൽ വളരെ കാര്യക്ഷമവും സമഗ്രവുമായ രീതിയിൽ വില്ലേജ് ഓഫീസ് ഉൾപ്പെടെയുള്ള റവന്യൂ ഓഫീസുകളിലെ അഴിമതി തടയുന്നതിനായി ലാൻഡ് റവന്യൂ വകുപ്പ് സജീവമായി പ്രവർത്തിക്കുന്നുണ്ട്.<br><br>കൂടാതെ റവന്യൂ സേവനങ്ങൾ നിഷേധിക്കുന്നത് സംബന്ധിച്ച് സർക്കാരിൽ ലഭിക്കുന്ന ഗൗരവമുള്ള പരാതികൾ സർക്കാർതലത്തിൽ നേരിട്ട് അന്വേഷിക്കുന്നതിനാൽ പരാതിയുടെ സ്വഭാവമനുസരിച്ച് റവന്യൂ വകുപ്പിലെ വിവിധ സെക്ഷനുകളിലെ ജീവനക്കാരെ ഉൾപ്പെടുത്തി ഈ ഇൻസ്പെക്ഷൻ സ്ക്വാഡ് 23.03.2022 തീയതിയിലെ സ.ഉ(സാധാ) നം.1293/2022/റവ പ്രകാരം രൂപീകരിച്ചിട്ടുണ്ട്. തുടർന്ന്, റവന്യൂ വകുപ്പിനെ പൂർണ്ണമായും അഴിമതിമുക്തമാക്കുക എന്ന ലക്ഷ്യത്തോടെ Zero Corruption Campaign ആരംഭിച്ചതിന്റെ ഭാഗമായി നിലവിലെ സർക്കാർ തല പരിശോധനാ വിഭാഗം വിപുലീകരിച്ച് ശക്തിപ്പെടുത്തുന്നതിനായി ജില്ലകൾ നിശ്ചയിച്ച് കൊണ്ട് ഏഴ് സ്ക്വാഡുകൾ രൂപീകരിച്ച് കൊണ്ട് 17.08.2023 ലെ സ.ഉ(സാധാ) 3037/2023/RD പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | എല്ലാ വില്ലേജ് ഓഫീസുകളിലും ജനകീയ സമിതികളുടെ പ്രവർത്തനം തൃപ്തികരമായി നടത്താൻ സാധിക്കുന്നുണ്ടോ; അവ ശക്തിപ്പെടുത്തുന്നതിനായി നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | എല്ലാ വില്ലേജ് ഓഫീസുകളിലും ജനകീയ സമിതികളുടെ പ്രവർത്തനം സാമാന്യം തൃപ്തികരമായി നടത്താൻ സാധിക്കുന്നുണ്ട്. കൂടാതെ അവ ശക്തിപ്പെടുത്തുന്നതിനായി നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തി വരുന്നുമുണ്ട്. വില്ലേജ്തല ജനകീയ സമിതി റിപ്പോർട്ട് ശേഖരണത്തിനായി ഗൂഗിൾ ഫോം, ഗൂഗിൾ ഷീറ്റ് എന്നിവ തയ്യാറാക്കി നൽകിയിട്ടുള്ളതും, ആയത് ജില്ലാ നോഡൽ ഓഫീസർമാർക്കും , ചാർജ്ജ് |

| | | | |
|---|---|---|---|
| | | | ഓഫീസർമാർക്കും കാണുന്നതിന് സാധിയ്ക്കുന്നതുമാണ്. ജനകീയ സമിതി കൂടിയതായുള്ള സാക്ഷ്യപത്രം തൊട്ടടുത്ത പ്രവർത്തി ദിവസം തന്നെ ലാൻഡ് റവന്യൂ കമ്മീഷണർക്ക് ലഭ്യമാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

**<u>സുതാര്യത ഉറപ്പാക്കിക്കൊണ്ട് റവന്യൂ ഓഫീസുകളിൽ നിന്നും ജനങ്ങൾക്ക് നൽകുന്ന സേവനങ്ങളുടെ ഗുണനിലവാരം ഉയർത്തുകയെന്ന ലക്ഷ്യത്തോടെ റവന്യൂ വകുപ്പിൽ നിലവിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ സംബന്ധിച്ച വിവരം</u>**

**1. ഇ-ഡിസ്ട്രിക്ട്**

വില്ലേജ് ഓഫീസുകളിൽ നിന്നും പൊതുജനങ്ങൾക്ക് ആവശ്യമായ വിവിധ സർട്ടിഫിക്കറ്റുകൾ വേഗത്തിലും സുതാര്യമായും ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ഇ-ഡിസ്ട്രിക്ട്. ഇതു വഴി പൊതു ജനങ്ങൾക്ക് വില്ലേജ് ഓഫീസുകളിൽ വരാതെ തന്നെ സർട്ടിഫിക്കറ്റുകൾ ലഭ്യമാകുന്നു.

**2. ആർ.ആർ. ഓൺലൈൻ**

റവന്യൂ റിക്കവറി പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി നിലവിലുള്ള ഓഫ്‌ലൈൻ ഓൺലൈൻ സംവിധാനങ്ങൾ സംയോജിപ്പിച്ച് റിക്വിസിഷൻ ഓഫീസ് മുതൽ വില്ലേജ് തലം വരെ ബന്ധിപ്പിക്കുന്ന പദ്ധതിയായാണ് ഇത് ആവിഷ്കരിച്ചിട്ടുള്ളത്. കളക്ടേറ്റ്, താലൂക്ക്, വില്ലേജ് തലത്തിലുള്ള ഉദ്യോഗസ്ഥർക്ക് ലോഗ് ഇൻ ചെയ്ത് ഏതെങ്കിലും ഒരു കേസിന്റെ വിവരം വളരെ എളുപ്പത്തിൽ കണ്ടെത്തുന്നതിന് ഈ പദ്ധതി വളരെയേറെ സഹായകമാണ്.

**3. സംയോജിത ഓൺ ലൈൻ പോക്കുവരവ് (Online Mutation)**

ഭൂസംബന്ധമായി റവന്യൂ രജിസ്ട്രേഷൻ, സർവ്വേ വകുപ്പുകൾ നൽകുന്ന സേവനങ്ങളെ പരസ്പരം ബന്ധപ്പെടുത്തി, കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമിയുടെ പോക്കുവരവ് ഓൺലൈൻ മുഖേന സാധ്യമാക്കുന്നു. ആധുനിക വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ വസ്തുവിന്റെ പോക്കുവരവ് നടപടികൾ വേഗത്തിലും, സുതാര്യമായും, കുറ്റമറ്റ രീതിയിലും നടപ്പിലാക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടുകൂടിയാണ് സംയോജിത ഓൺലൈൻ പോക്കുവരവ് പദ്ധതി നടപ്പിലാക്കുന്നത്.

**4. റവന്യൂ ഇ-പെയ്മെന്റ്**

സംസ്ഥാനത്ത് സംയോജിത ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള വില്ലേജുകളിൽ അടയ്ക്കാവുന്ന എല്ലാ പെയ്മെന്റുകളും ഓൺലൈൻ വഴിയും വില്ലേജ് ഓഫീസുകളിൽ നേരിട്ടും ഒടുക്കുന്നതിനുള്ള ഇ-പെയ്മെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

**5. റിലീഫ് (സമഗ്ര ദുരന്ത മാനേജ്മെന്റ് സംവിധാനം)**

ദുരന്ത ബാധിതരായ ജനങ്ങൾക്ക് അനുവദിക്കുന്ന അടിയന്തര ധനസഹായം, ഭവന നാശം സംഭവിച്ചതിനുള്ള നഷ്ടപരിഹാരം എന്നിവ ലഭ്യമാക്കുന്നതിനുള്ള ഓൺലൈൻ സംവിധാനം. ജനങ്ങളിൽ നിന്നും സ്വീകരിക്കുന്ന അപേക്ഷകൾ വില്ലേജ് ഓഫീസ് മുഖാന്തരം ഓൺലൈൻ ആയി പ്രോസസ്സ് ചെയ്യുവാനും നഷ്ടപരിഹാര തുക ഡയറക്ട്

ബെനിഫിഷ്യറി ട്രാൻസ്ഫർ സംവിധാനം മുഖേന നേരിട്ട് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നൽകുന്നതിനും ഈ സംവിധാനത്തിലൂടെ സാധിക്കുന്നു.

**6. റവന്യൂ മിത്രം**

റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കുണ്ടാകുന്ന എല്ലാത്തരം പരാതികളും വകുപ്പ് മന്ത്രിയ്ക്ക് നൽകുന്നത് ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറ്റുക എന്നതാണ് റവന്യൂ മിത്രം എന്നതു കൊണ്ടുദ്ദേശിക്കുന്നത്.

**7. റവന്യൂ ഇ-സർവീസസ് മൊബൈൽ ആപ്ലിക്കേഷൻ**

റവന്യൂ ഇ-സർവീസസ് മൊബൈൽ ആപ്ലിക്കേഷനിലൂടെ പൊതുജനങ്ങൾക്ക് ഭൂനികുതി, ഓഫ്‌ലൈൻ പോക്കുവരവ്, ഭൂരേഖകളുടെ നാളതീകരണത്തിനുമുള്ള അപേക്ഷകൾ എന്നിവ നൽകാവുന്നതാണ്. ഭൂമിയുടെ കൈവശാവകാശം സംബന്ധിച്ച വിവരങ്ങൾ പരിശോധിക്കുന്നതിനുള്ള ലാൻഡ് ഇൻഫോർമേഷൻ സിസ്റ്റവും റവന്യൂ ഇ സർവീസസ് മൊബൈൽ ആപ്ലിക്കേഷനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**8. തണ്ടപ്പേർ പകർപ്പ് ഓൺലൈൻ**

വില്ലേജ് ഓഫീസുകൾ വഴി വിതരണം ചെയ്യുന്ന തണ്ടപ്പേർ പകർപ്പ് ഡിജിറ്റലായി സാക്ഷ്യപ്പെടുത്തി ഭൂവുടമകൾക്ക് വിതരണം ചെയ്യുന്നതിനുള്ള മൊഡ്യൂൾ. പൊതുജനങ്ങൾക്ക് ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കുവാനും ഫീസ് അടയ്ക്കുവാനും ഡിജിറ്റലായി സാക്ഷ്യപ്പെടുത്തിയ തണ്ടപ്പേർ പകർപ്പ് ഡൗൺലോഡ് ചെയ്തെടുക്കുവാനും സാധിക്കും.

**9. ലൊക്കേഷൻ മാപ്പ് ഓൺലൈൻ**

വില്ലേജ് ഓഫീസുകൾ വഴി വിതരണം ചെയ്യുന്ന ലൊക്കേഷൻ സർട്ടിഫിക്കറ്റുകൾ ReLIS - മായി സംയോജിപ്പിച്ച് ഡിജിറ്റലായി സാക്ഷ്യപ്പെടുത്തി ഭൂവുടമകൾക്ക് വിതരണം ചെയ്യുന്നതിനുള്ള മൊഡ്യൂൾ. പൊതു ജനങ്ങൾക്ക് ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കുവാനും ഫീസ് അടയ്ക്കുവാനും ലൊക്കേഷൻ സർട്ടിഫിക്കറ്റുകൾ ഡൗൺലോഡ് ചെയ്തെടുക്കുവാനും സാധിക്കും.

**10. FMB ഓൺലൈൻ**

ഡിജിറ്റൽ സർവ്വേ പൂർത്തിയാക്കിയ വില്ലേജ് ഓഫീസുകളിൽ നിന്നും പൊതുജനങ്ങൾക്ക് F M B പകർപ്പ് ഓൺലൈൻ ആയി അപേക്ഷിച്ച് ഡൗൺലോഡ് ചെയ്തെടുക്കുവാൻ കഴിയുന്ന മൊഡ്യൂൾ.

**11. വില്ലേജ് വെബ്സൈറ്റ്**

സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസുകൾക്കും പ്രത്യേകമായി വെബ്സൈറ്റുകൾ തയ്യാറാക്കിയിട്ടുണ്ട്. https://village.kerala.gov.in എന്ന വെബ്പോർട്ടൽ മുഖാന്തരം സംസ്ഥാനത്തെ 1666 വില്ലേജ് ഓഫീസുകളുടെയും വെബ്സൈറ്റുകൾ പൊതുജനങ്ങൾക്ക് സന്ദർശിക്കുവാൻ കഴിയുന്നതാണ്. വില്ലേജിനെപ്പറ്റിയുള്ള പൊതു വിവരങ്ങൾ, പ്രസ്തുത വില്ലേജിലെ ഭൂവിവരങ്ങൾ, വില്ലേജ് ഓഫീസുകളിൽ നിന്നും ലഭ്യമാകുന്ന സേവനങ്ങൾ, റവന്യൂ വകുപ്പ് ലഭ്യമാക്കുന്ന ഡിജിറ്റൽ സേവനങ്ങൾ വിനിയോഗിക്കുന്നതിനുള്ള ഹൈപ്പർ ലിങ്കുകൾ, ടി വില്ലേജിലെ ജനസംഖ്യാപരവും

ഭൂമിശാസ്ത്രപരവുമായ അടിസ്ഥാന സ്ഥിതി വിവര കണക്കുകൾ, ടി വില്ലേജിലെ പ്രധാന സ്ഥലങ്ങൾ തുടങ്ങിയവ വില്ലേജ് വെബ്സൈറ്റിൽ നിന്നും പൊതുജനങ്ങൾക്ക് ലഭ്യമാണ്.

**12. കേരള ബിൽഡിംഗ് ടാക്സ് മാനേജ്മെന്റ് സിസ്റ്റം**

കേരള കെട്ടിട നികുതി നിയമം 1975 പ്രകാരം റവന്യൂ വകുപ്പ് മുഖേന പിരിച്ചെടുക്കുന്ന കെട്ടിട നികുതി ആഡംബര നികുതി എന്നിവ സർക്കാർ വരുമാനത്തിന്റെ ഗണ്യമായ ഭാഗമാണ്. റവന്യൂ വകുപ്പിൽ കെട്ടിട നികുതി ഓൺലൈനായി സ്വീകരിക്കുന്നതിനുള്ള വെബ് ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുള്ളതും പൊതുജനങ്ങൾക്ക് ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കുവാൻ കഴിയുന്നതുമാണ്.

**13. കോവിഡ് എക്സ്ഗ്രേഷ്യ നഷ്ടപരിഹാര പോർട്ടൽ**

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ രൂപീകരിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം സംസ്ഥാനത്ത് കോവിഡ്19 ബാധിച്ച് മരണപ്പെട്ട വ്യക്തിയുടെ കുടുംബത്തിന് എക്സ്ഗ്രേഷ്യ നഷ്ടപരിഹാരത്തിനായി അപേക്ഷ ജില്ലാ ദുരന്തനിവാരണ അതോറിറ്റി മുമ്പാകെ സമർപ്പിക്കുന്നതിനും എക്സ്ഗ്രേഷ്യ സഹായം ലഭ്യമാക്കുന്നതിനുമുള്ള സംവിധാനം. ഈ സംവിധാനം മുഖാന്തിരം നാളിതുവരെ 325.44 കോടി രൂപ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നേരിട്ട് കൈമാറ്റം ചെയ്യുവാൻ കഴിഞ്ഞിട്ടുണ്ട്.

**14. ഭൂമി തരം മാറ്റം ഓൺലൈൻ**

2018-ലെ കേരളാ നെൽവയൽ തണ്ണീർത്തട സംരക്ഷണ(ഭേദഗതി) ചട്ടങ്ങൾ പ്രകാരം ഭൂമിയുടെ തരം മാറ്റുന്നതിനുള്ള അപേക്ഷകൾ ഓൺലൈനായി സ്വീകരിച്ച് ആവശ്യമായ നടപടികൾ ഓൺലൈനായി തന്നെ കൈകൊള്ളുന്നതിനുള്ള സംവിധാനം തയ്യാറാക്കിയിട്ടുള്ളതും 10/01/2022 മുതൽ സംസ്ഥാന വ്യാപകമായി നടപ്പിലാക്കിയിട്ടുള്ളതുമാണ്. ഈ സംവിധാനത്തിലൂടെ ജനങ്ങൾക്ക് ഭൂമി തരം മാറ്റുന്നതിനുള്ള അപേക്ഷകൾ ഓൺലൈൻ ആയി സമർപ്പിക്കുവാനും ഇപ്രകാരം ലഭിക്കുന്ന അപേക്ഷകളിൽ ഓൺലൈനായി തന്നെ വില്ലേജ് ഓഫീസുകളിൽ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുന്നതുമാണ്.

**15. ക്യാൻസർ, ക്ഷയ, കുഷ്ഠ രോഗ പെൻഷൻ**

നിലവിൽ റവന്യൂ വകുപ്പ് മുഖേന വിതരണം ചെയ്യുന്ന അഗതികളായ ക്യാൻസർ ക്ഷയം, കുഷ്ഠം എന്നീ രോഗം ബാധിച്ചവർക്കുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ ഓട്ടോമേറ്റ് ചെയ്ത് ഇ ഗവേർണൻസ് പ്ലാറ്റ് ഫോമിലൂടെ ലഭ്യമാക്കുന്നതിനുള്ള ഓൺലൈൻ സംവിധാനം നടപ്പാക്കിയിട്ടുണ്ട്. ക്യാൻസർ, ക്ഷയം, കുഷ്ഠം എന്നിവയ്ക്കുള്ള അപേക്ഷകൾ പൊതുജനങ്ങൾക്ക് ഓൺലൈനായി സമർപ്പിക്കുന്നതിനും അപേക്ഷ വില്ലേജ്, താലൂക്ക് എന്നിവിടങ്ങളിൽ പ്രോസസ്സ് ചെയ്ത് ഗുണഭോക്താക്കളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തി അപേക്ഷകന്റെ അക്കൗണ്ടിലേക്ക് ഡി.ബി.റ്റി ആയി പെൻഷൻ ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്.

**16. എൻഡോസൾഫാൻ വിക്ടിം ധനസഹായ പോർട്ടൽ**

കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള ധനസഹായം ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള സംവിധാനം. ഈ സംവിധാനം മുഖാന്തിരം നാളിതുവരെ 216.80 കോടി രൂപ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നേരിട്ട് കൈമാറ്റം ചെയ്യുവാൻ കഴിഞ്ഞിട്ടുണ്ട്.

**17. പ്രവാസി മിത്രം:**

പ്രവാസികൾക്ക് റവന്യൂ സർവ്വേ വകുപ്പിലേക്ക് നൽകിയിട്ടുള്ള പരാതിയിന്മേൽ നടപടി സ്വീകരിക്കാത്ത/സ്വീകരിച്ച നടപടിയിൽ തൃപ്തിയില്ലെങ്കിൽ അതുമായി ബന്ധപ്പെട്ടുള്ള ഓൺലൈൻ പരാതി പരിഹാര സംവിധാനം.

**18. പരാതി പോർട്ടൽ**

ലാൻഡ് റവന്യൂ വകുപ്പിൽ നിന്നും ലഭിക്കേണ്ട സേവനങ്ങൾ സംബന്ധിച്ചോ റവന്യൂ ഉദ്യോഗസ്ഥരെക്കുറിച്ചോ പരാതി ഉണ്ടെങ്കിൽ അത് ഓൺലൈൻ ആയി സമർപ്പിക്കുന്നതിനുള്ള സംവിധാനം.

**19. അലർട്ട് പോർട്ടൽ**

കേരള ഭൂമി സംരക്ഷണ നിയമം, കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ആക്ട് എന്നിവ പ്രകാരമുള്ള കയ്യേറ്റം, അനധികൃത മണൽ ഖനനം, സർക്കാർ ഭൂമിയിലെ മരം മുറിക്കൽ, അനധികൃത ധാതു ഖനനം, ക്വാറി ലംഘനം എന്നിവ പൊതുജനങ്ങളുടെ ശ്രദ്ധയിൽപ്പെട്ടാൽ അത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ അറിയിക്കുന്നതിനുള്ള ഓൺലൈൻ സംവിധാനം.

**<u>അനുബന്ധം</u>**

**<u>സുതാര്യത ഉറപ്പാക്കിക്കൊണ്ട് റവന്യൂ ഓഫീസുകളിൽ നിന്നും ജനങ്ങൾക്ക് നൽകുന്ന സേവനങ്ങളുടെ ഗുണനിലവാരം ഉയർത്തുകയെന്ന ലക്ഷ്യത്തോടെ റവന്യൂ വകുപ്പിൽ നിലവിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ സംബന്ധിച്ച വിവരം</u>**

**1. ഇ-ഡിസ്ട്രിക്ട്**

വില്ലേജ് ഓഫീസുകളിൽ നിന്നും പൊതുജനങ്ങൾക്ക് ആവശ്യമായ വിവിധ സർട്ടിഫിക്കറ്റുകൾ വേഗത്തിലും സുതാര്യമായും ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ഇ-ഡിസ്ട്രിക്ട്. ഇതു വഴി പൊതു ജനങ്ങൾക്ക് വില്ലേജ് ഓഫീസുകളിൽ വരാതെ തന്നെ സർട്ടിഫിക്കറ്റുകൾ ലഭ്യമാകുന്നു.

**2. ആർ.ആർ. ഓൺലൈൻ**

റവന്യൂ റിക്കവറി പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി നിലവിലുള്ള ഓഫ്ലൈൻ ഓൺലൈൻ സംവിധാനങ്ങൾ സംയോജിപ്പിച്ച് റിക്വിസിഷൻ ഓഫീസ് മുതൽ വില്ലേജ് തലം വരെ ബന്ധിപ്പിക്കുന്ന പദ്ധതിയായാണ് ഇത് ആവിഷ്കരിച്ചിട്ടുള്ളത്. കളക്ട്രേറ്റ്, താലൂക്ക്, വില്ലേജ് തലത്തിലുള്ള ഉദ്യോഗസ്ഥർക്ക് ലോഗ് ഇൻ ചെയ്ത് ഏതെങ്കിലും ഒരു കേസിന്റെ വിവരം വളരെ എളുപ്പത്തിൽ കണ്ടെത്തുന്നതിന് ഈ പദ്ധതി വളരെയേറെ സഹായകമാണ്.

**3. സംയോജിത ഓൺ ലൈൻ പോക്കുവരവ് (Online Mutation)**

ഭൂസംബന്ധമായി റവന്യൂ രജിസ്ട്രേഷൻ, സർവ്വേ വകുപ്പുകൾ നൽകുന്ന സേവനങ്ങളെ പരസ്പരം ബന്ധപ്പെടുത്തി, കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമിയുടെ പോക്കുവരവ് ഓൺലൈൻ മുഖേന സാധ്യമാക്കുന്നു. ആധുനിക വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ വസ്തുവിന്റെ പോക്കുവരവ് നടപടികൾ വേഗത്തിലും, സുതാര്യമായും, കുറ്റമറ്റ രീതിയിലും നടപ്പിലാക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടുകൂടിയാണ് സംയോജിത ഓൺലൈൻ പോക്കുവരവ് പദ്ധതി നടപ്പിലാക്കുന്നത്.

**4. റവന്യൂ ഇ-പെയ്മെന്റ്**

സംസ്ഥാനത്ത് സംയോജിത ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള വില്ലേജുകളിൽ അടയ്ക്കാവുന്ന എല്ലാ പെയ്മെന്റുകളും ഓൺലൈൻ വഴിയും വില്ലേജ് ഓഫീസുകളിൽ നേരിട്ടും ഒടുക്കുന്നതിനുള്ള ഇ-പെയ്മെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

**5. റിലീഫ് (സമഗ്ര ദുരന്ത മാനേജ്മെന്റ് സംവിധാനം)**

ദുരന്ത ബാധിതരായ ജനങ്ങൾക്ക് അനുവദിക്കുന്ന അടിയന്തര ധനസഹായം, ഭവന നാശം സംഭവിച്ചതിനുള്ള നഷ്ടപരിഹാരം എന്നിവ ലഭ്യമാക്കുന്നതിനുള്ള ഓൺലൈൻ സംവിധാനം. ജനങ്ങളിൽ നിന്നും സ്വീകരിക്കുന്ന അപേക്ഷകൾ വില്ലേജ് ഓഫീസ് മുഖാന്തരം ഓൺലൈൻ ആയി പ്രോസസ്സ് ചെയ്യുവാനും നഷ്ടപരിഹാര തുക ഡയറക്ട്

ബെനിഫിഷ്യറി ട്രാൻസ്ഫർ സംവിധാനം മുഖേന നേരിട്ട് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നൽകുന്നതിനും ഈ സംവിധാനത്തിലൂടെ സാധിക്കുന്നു.

**6. റവന്യൂ മിത്രം**

റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കുണ്ടാകുന്ന എല്ലാത്തരം പരാതികളും വകുപ്പ് മന്ത്രിയ്ക്ക് നൽകുന്നത് ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറ്റുക എന്നതാണ് റവന്യൂ മിത്രം എന്നതു കൊണ്ടുദ്ദേശിക്കുന്നത്.

**7. റവന്യൂ ഇ-സർവീസസ് മൊബൈൽ ആപ്ലിക്കേഷൻ**

റവന്യൂ ഇ-സർവീസസ് മൊബൈൽ ആപ്ലിക്കേഷനിലൂടെ പൊതുജനങ്ങൾക്ക് ഭൂനികുതി, ഓഫ്‌ലൈൻ പോക്കുവരവ്, ഭൂരേഖകളുടെ നാളതീകരണത്തിനുമുള്ള അപേക്ഷകൾ എന്നിവ നൽകാവുന്നതാണ്. ഭൂമിയുടെ കൈവശാവകാശം സംബന്ധിച്ച വിവരങ്ങൾ പരിശോധിക്കുന്നതിനുള്ള ലാൻഡ് ഇൻഫോർമേഷൻ സിസ്റ്റവും റവന്യൂ ഇ സർവീസസ് മൊബൈൽ ആപ്ലിക്കേഷനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**8. തണ്ടപ്പേർ പകർപ്പ് ഓൺലൈൻ**

വില്ലേജ് ഓഫീസുകൾ വഴി വിതരണം ചെയ്യുന്ന തണ്ടപ്പേർ പകർപ്പ് ഡിജിറ്റലായി സാക്ഷ്യപ്പെടുത്തി ഭൂവുടമകൾക്ക് വിതരണം ചെയ്യുന്നതിനുള്ള മൊഡ്യൂൾ. പൊതുജനങ്ങൾക്ക് ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കുവാനും ഫീസ് അടയ്ക്കുവാനും ഡിജിറ്റലായി സാക്ഷ്യപ്പെടുത്തിയ തണ്ടപ്പേർ പകർപ്പ് ഡൗൺലോഡ് ചെയ്തെടുക്കുവാനും സാധിക്കും.

**9. ലൊക്കേഷൻ മാപ്പ് ഓൺലൈൻ**

വില്ലേജ് ഓഫീസുകൾ വഴി വിതരണം ചെയ്യുന്ന ലൊക്കേഷൻ സർട്ടിഫിക്കറ്റുകൾ ReLIS - മായി സംയോജിപ്പിച്ച് ഡിജിറ്റലായി സാക്ഷ്യപ്പെടുത്തി ഭൂവുടമകൾക്ക് വിതരണം ചെയ്യുന്നതിനുള്ള മൊഡ്യൂൾ. പൊതു ജനങ്ങൾക്ക് ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കുവാനും ഫീസ് അടയ്ക്കുവാനും ലൊക്കേഷൻ സർട്ടിഫിക്കറ്റുകൾ ഡൗൺലോഡ് ചെയ്തെടുക്കുവാനും സാധിക്കും.

**10. FMB ഓൺലൈൻ**

ഡിജിറ്റൽ സർവ്വേ പൂർത്തിയാക്കിയ വില്ലേജ് ഓഫീസുകളിൽ നിന്നും പൊതുജനങ്ങൾക്ക് F M B പകർപ്പ് ഓൺലൈൻ ആയി അപേക്ഷിച്ച് ഡൗൺലോഡ് ചെയ്തെടുക്കുവാൻ കഴിയുന്ന മൊഡ്യൂൾ.

**11. വില്ലേജ് വെബ്സൈറ്റ്**

സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസുകൾക്കും പ്രത്യേകമായി വെബ്സൈറ്റുകൾ തയ്യാറാക്കിയിട്ടുണ്ട്. https://village.kerala.gov.in എന്ന വെബ്പോർട്ടൽ മുഖാന്തരം സംസ്ഥാനത്തെ 1666 വില്ലേജ് ഓഫീസുകളുടെയും വെബ്സൈറ്റുകൾ പൊതുജനങ്ങൾക്ക് സന്ദർശിക്കുവാൻ കഴിയുന്നതാണ്. വില്ലേജിനെപ്പറ്റിയുള്ള പൊതു വിവരങ്ങൾ, പ്രസ്തുത വില്ലേജിലെ ഭൂവിവരങ്ങൾ, വില്ലേജ് ഓഫീസുകളിൽ നിന്നും ലഭ്യമാകുന്ന സേവനങ്ങൾ, റവന്യൂ വകുപ്പ് ലഭ്യമാക്കുന്ന ഡിജിറ്റൽ സേവനങ്ങൾ വിനിയോഗിക്കുന്നതിനുള്ള ഹൈപ്പർ ലിങ്കുകൾ, ടി വില്ലേജിലെ ജനസംഖ്യാപരവും

ഭൂമിശാസ്ത്രപരവുമായ അടിസ്ഥാന സ്ഥിതി വിവര കണക്കുകൾ, ടി വില്ലേജിലെ പ്രധാന സ്ഥലങ്ങൾ തുടങ്ങിയവ വില്ലേജ് വെബ്സൈറ്റിൽ നിന്നും പൊതുജനങ്ങൾക്ക് ലഭ്യമാണ്.

**12. കേരള ബിൽഡിംഗ് ടാക്സ് മാനേജ്മെന്റ് സിസ്റ്റം**

കേരള കെട്ടിട നികുതി നിയമം 1975 പ്രകാരം റവന്യൂ വകുപ്പ് മുഖേന പിരിച്ചെടുക്കുന്ന കെട്ടിട നികുതി ആഡംബര നികുതി എന്നിവ സർക്കാർ വരുമാനത്തിന്റെ ഗണ്യമായ ഭാഗമാണ്. റവന്യൂ വകുപ്പിൽ കെട്ടിട നികുതി ഓൺലൈനായി സ്വീകരിക്കുന്നതിനുള്ള വെബ് ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുള്ളതും പൊതുജനങ്ങൾക്ക് ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കുവാൻ കഴിയുന്നതുമാണ്.

**13. കോവിഡ് എക്സ്ഗ്രേഷ്യ നഷ്ടപരിഹാര പോർട്ടൽ**

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ രൂപീകരിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം സംസ്ഥാനത്ത് കോവിഡ്19 ബാധിച്ച് മരണപ്പെട്ട വ്യക്തിയുടെ കുടുംബത്തിന് എക്സ്ഗ്രേഷ്യ നഷ്ടപരിഹാരത്തിനായി അപേക്ഷ ജില്ലാ ദുരന്തനിവാരണ അതോറിറ്റി മുമ്പാകെ സമർപ്പിക്കുന്നതിനും എക്സ്ഗ്രേഷ്യ സഹായം ലഭ്യമാക്കുന്നതിനുമുള്ള സംവിധാനം. ഈ സംവിധാനം മുഖാന്തിരം നാളിതുവരെ 325.44 കോടി രൂപ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നേരിട്ട് കൈമാറ്റം ചെയ്യുവാൻ കഴിഞ്ഞിട്ടുണ്ട്.

**14. ഭൂമി തരം മാറ്റം ഓൺലൈൻ**

2018-ലെ കേരളാ നെൽവയൽ തണ്ണീർത്തട സംരക്ഷണ(ഭേദഗതി) ചട്ടങ്ങൾ പ്രകാരം ഭൂമിയുടെ തരം മാറ്റുന്നതിനുള്ള അപേക്ഷകൾ ഓൺലൈനായി സ്വീകരിച്ച് ആവശ്യമായ നടപടികൾ ഓൺലൈനായി തന്നെ കൈകൊള്ളുന്നതിനുള്ള സംവിധാനം തയ്യാറാക്കിയിട്ടുള്ളതും 10/01/2022 മുതൽ സംസ്ഥാന വ്യാപകമായി നടപ്പിലാക്കിയിട്ടുള്ളതുമാണ്. ഈ സംവിധാനത്തിലൂടെ ജനങ്ങൾക്ക് ഭൂമി തരം മാറ്റുന്നതിനുള്ള അപേക്ഷകൾ ഓൺലൈൻ ആയി സമർപ്പിക്കുവാനും ഇപ്രകാരം ലഭിക്കുന്ന അപേക്ഷകളിൽ ഓൺലൈനായി തന്നെ വില്ലേജ് ഓഫീസുകളിൽ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുന്നതുമാണ്.

**15. ക്യാൻസർ, ക്ഷയ, കുഷ്ഠ രോഗ പെൻഷൻ**

നിലവിൽ റവന്യൂ വകുപ്പ് മുഖേന വിതരണം ചെയ്യുന്ന അഗതികളായ ക്യാൻസർ ക്ഷയം, കുഷ്ഠം എന്നീ രോഗം ബാധിച്ചവർക്കുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ ഓട്ടോമേറ്റ് ചെയ്ത് ഇ ഗവേർണൻസ് പ്ലാറ്റ് ഫോമിലൂടെ ലഭ്യമാക്കുന്നതിനുള്ള ഓൺലൈൻ സംവിധാനം നടപ്പാക്കിയിട്ടുണ്ട്. ക്യാൻസർ, ക്ഷയം, കുഷ്ഠം എന്നിവയ്ക്കുള്ള അപേക്ഷകൾ പൊതുജനങ്ങൾക്ക് ഓൺലൈനായി സമർപ്പിക്കുന്നതിനും അപേക്ഷ വില്ലേജ്, താലൂക്ക് എന്നിവിടങ്ങളിൽ പ്രോസസ്സ് ചെയ്ത് ഗുണഭോക്താക്കളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തി അപേക്ഷകന്റെ അക്കൗണ്ടിലേക്ക് ഡി.ബി.റ്റി ആയി പെൻഷൻ ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്.

**16. എൻഡോസൾഫാൻ വിക്ടിം ധനസഹായ പോർട്ടൽ**

കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള ധനസഹായം ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള സംവിധാനം. ഈ സംവിധാനം മുഖാന്തിരം നാളിതുവരെ 216.80 കോടി രൂപ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നേരിട്ട് കൈമാറ്റം ചെയ്യുവാൻ കഴിഞ്ഞിട്ടുണ്ട്.

**17. പ്രവാസി മിത്രം:**

പ്രവാസികൾക്ക് റവന്യൂ സർവ്വേ വകുപ്പിലേക്ക് നൽകിയിട്ടുള്ള പരാതിയിന്മേൽ നടപടി സ്വീകരിക്കാത്ത/സ്വീകരിച്ച നടപടിയിൽ തൃപ്തിയില്ലെങ്കിൽ അതുമായി ബന്ധപ്പെട്ടുള്ള ഓൺലൈൻ പരാതി പരിഹാര സംവിധാനം.

**18. പരാതി പോർട്ടൽ**

ലാൻഡ് റവന്യൂ വകുപ്പിൽ നിന്നും ലഭിക്കേണ്ട സേവനങ്ങൾ സംബന്ധിച്ചോ റവന്യൂ ഉദ്യോഗസ്ഥരെക്കുറിച്ചോ പരാതി ഉണ്ടെങ്കിൽ അത് ഓൺലൈൻ ആയി സമർപ്പിക്കുന്നതിനുള്ള സംവിധാനം.

**19. അലർട്ട് പോർട്ടൽ**

കേരള ഭൂമി സംരക്ഷണ നിയമം, കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ആക്ട് എന്നിവ പ്രകാരമുള്ള കയ്യേറ്റം, അനധികൃത മണൽ ഖനനം, സർക്കാർ ഭൂമിയിലെ മരം മുറിക്കൽ, അനധികൃത ധാതു ഖനനം, ക്വാറി ലംഘനം എന്നിവ പൊതുജനങ്ങളുടെ ശ്രദ്ധയിൽപ്പെട്ടാൽ അത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ അറിയിക്കുന്നതിനുള്ള ഓൺലൈൻ സംവിധാനം.